**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1948** **02-02-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ടൂർ പാക്കേജ് ട്രിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിൽ നിന്നും കെ.എസ്.ആർ.ടി.സി. ടൂർ പാക്കേജ് ട്രിപ്പുകൾ നടത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. തൃശ്ശൂർ ഡിപ്പോയിൽ നിന്നും ടൂർ ട്രിപ്പുകൾ നടത്തുന്നുണ്ട്. |
| (ബി) | തൃശ്ശൂർ കെ.എസ്.ആർ.ടി.സി. സ്റ്റാന്റിൽ നിന്നും തീർത്ഥാടന ടൂറിസം, കാനനയാത്രകൾ ഉൾപ്പടെയുള്ള ടൂർ ട്രിപ്പുകൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | സ്വീകരിച്ചിട്ടുണ്ട്. നിലവിൽ തൃശ്ശൂർ ഡിപ്പോയിൽ നിന്നും സാഗരറാണി, മലക്കപ്പാറ, നാലമ്പല ദർശനം (തൃപ്രയാർ, കൂടൽമാണിക്യം, മൂഴിക്കുളം, പായമ്മൽ), പഞ്ച പാണ്ഡവ ദർശനം, നെഫർടിടി, മാമാങ്കം - ചരിത്രയാത്ര, ആലപ്പുഴ, നെല്ലിയാമ്പതി, ഗവി, മൂന്നാർ - കാന്തല്ലൂർ എന്നീ ടൂർ ട്രിപ്പുകൾ നടത്തിവരുന്നുണ്ട്. |
| (സി) | സീസണുകളിലെങ്കിലും തൃശ്ശൂരിൽ നിന്നും നാലമ്പലം ട്രിപ്പുകൾ, മലക്കപ്പാറയിലേയ്ക്ക് ജംഗിൾ സഫാരി, ഗവി, മൂന്നാർ, തേക്കടി, വാഗമൺ, വയനാട് ട്രിപ്പുകൾ തുടങ്ങിയവ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ തൃശ്ശൂർ ഡിപ്പോയിൽ നിന്നും എല്ലാ വാരാന്ത്യങ്ങളിലും അവധി ദിവസങ്ങളിലും ടൂർ ട്രിപ്പുകൾ നടത്തിവരുന്നുണ്ട്. സീസണിൽ കൂടുതൽ ട്രിപ്പുകൾ ആവശ്യകതയനുസരിച്ച് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ